# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *111 — 13.06.2013-ൽ മറുപടിയ്ക്ക്

## റോഡു ശൃംഖലയുടെ ഗുണമേൻമ ഉറപ്പുവരുത്തുന്നതിന് പ്രത്യേക കർമ്മ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.പി.സജീന്ദ്രൻ<br>,, എ.പി.അബ്ദുള്ളക്കുട്ടി<br>,, എം.പി.വിൻസെന്റ് | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ റോഡ് ശൃംഖലയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (എ) ദേശീയപാത ശൃംഖലയിൽ വരുന്ന റോഡുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ദേശീയ പാതകളിൽ വരുന്ന പണികൾക്ക് കോൺട്രാക്ടറുടെ ഉത്തരവാദിത്വത്തോടുകൂടിയുള്ള ഡിഫക്ട് ലയബിലിറ്റി ബാധകമാക്കിയിട്ടുണ്ട്. കൂടാതെ പണികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുവേണ്ടി ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ രണ്ട് ക്വാളിറ്റി കൺട്രോൾ സബ്ഡിവിഷനുകൾ (എറണാകുളത്തും തൃശ്ശൂരും) പ്രവർത്തിക്കുന്നുണ്ട്. ഇവർ പണികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നു. കൂടാതെ പ്രവൃത്തികൾ നടക്കുന്ന സമയത്ത് പണിയുടെ ചുമതലയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ വരെയുള്ള ഉദ്യോഗസ്ഥർ നിരന്തരം പരിശോധനകൾ നടത്തി പണികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കെ.എസ്.ടി.പി രണ്ട് പദ്ധതിയിൽപ്പെടുത്തി 363 കി.മീ ദൈർഘ്യം വരുന്ന 6 റോഡുകൾ ലോകബാങ്ക് ധനസഹായത്തോടെ അന്താരാഷ്ട്ര നിലവാരത്തിൽ ഗുണമേന്മ ഉറപ്പുവരുത്തി അപ്ഗ്രേഡ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 1204 കി.മീ റോഡുകൾ ഇൻഡ്യൻ റോഡ്സ് കോൺഗ്രസിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് വികസിപ്പിക്കുന്നതിനുള്ള സംസ്ഥാന റോഡ് വികസന പദ്ധതിക്ക് (SRIP) രൂപം നൽകിയിട്ടുണ്ട്.<br>സംസ്ഥാനത്തെ റോഡ് ശൃംഖലയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി പുതുതായി ഏറ്റെടുത്ത് നടത്തുന്ന പ്രധാന റോഡ് പ്രവൃത്തികളെല്ലാം തന്നെ BM & BC പോലെ ഉന്നത നിലവാരത്തിലുള്ള പ്രതലമാണ് ചെയ്യുന്നത്. ഇത് റോഡിന്റെ ഉപരിതലം ദീർഘകാലം നിലനിർത്തുന്നതോടൊപ്പം ഏറെ യാത്രാസുഖം പ്രദാനം ചെയ്യുന്നു. |
| (ബി) ഇതിനായി പ്രത്യേക കർമ്മ പദ്ധതി തയ്യാറാക്കുന്നതിന് ആലോചിക്കുമോ ; വിശദാംശ | (ബി) കെ.എസ്.ടി.പി രണ്ട് പദ്ധതിയിൽ അപ്ഗ്രേഡ് ചെയ്യുന്ന പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനാവശ്യമായ വ്യവസ്ഥകൾ പ്രസ്തുത |

| | |
|---|---|
| ങ്ങൾ എന്തെല്ലാം ; | പ്രവൃത്തികളുടെ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ റോഡ് ശൃംഖല മെച്ചപ്പെടുത്തുന്നതിനായി ഒരു കോർ റോഡ് നെറ്റ് വർക്ക് രൂപീകരിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിന്റെ പ്രവർത്തനങ്ങൾ റോഡ്സ് വിഭാഗം, KSTP, NATPAC എന്നിവയുമായി സഹകരിച്ച് നടന്നുവരുന്നു. |
| (സി) എത്ര കിലോമീറ്റർ റോഡാണ് പ്രസ്തുത ശൃംഖലയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;<br>(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | **(സി) & (ഡി) :**<br>കെ.എസ്.ടി.പി രണ്ട് പദ്ധതിയിൽപ്പെടുത്തി 363 കി.മീ ദൈർഘ്യമുള്ള താഴെ പറയുന്ന റോഡുകളാണ് അപ്ഗ്രേഡ് ചെയ്ത് ഗുണമേന്മ ഉറപ്പുവരുത്തുന്നത്<br><br>1.പിലാത്തറ-പാപ്പിനിശ്ശേരി റോഡ്-20.90 കി.മീ<br>2.കാസർഗോഡ്-കാഞ്ഞങ്ങാട് റോഡ്-27.76 കി<br>3.തലശ്ശേരി-വളവുപാറ റോഡ് - 53.12 കി.മീ<br>4.ചെങ്ങന്നൂർ-ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡ് -87.90 കി.മീ<br>5.പുനലൂർ-പൊൻകുന്നം-തൊടുപുഴ റോഡ്132.22<br>6.പെരുമ്പിലാവ്-പട്ടാമ്പി-പെരിന്തൽമണ്ണ റോഡ് 41.00 കി.മീ<br><br>ആകെ - **362.90 കി.മീ**<br><br>കെ.എസ്.ടി.പി രണ്ട് പദ്ധതിയിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടികൾ പ്രസ്തുത പ്രവൃത്തികളുടെ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br>സംസ്ഥാന റോഡു വികസന പദ്ധതിയിൽ 1204 കി.മീ റോഡുകളാണ് റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ടു പാക്കേജുകളായി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. സ്ഥലമേറ്റെടുക്കൽ ആവശ്യമില്ലാത്ത റീഹാബിലിറ്റേഷൻ പാക്കേജിൽ 551 കി.മീ റോഡുകളും ചില സ്ഥലങ്ങളിൽ സ്ഥലമേറ്റെടുക്കൽ വേണ്ടിവരുന്ന അപ്ഗ്രഡേഷൻ പാക്കേജിൽ 653 കി.മീ റോഡുകളുമാണ് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയിലെ റീഹാബിലിറ്റേഷൻ പാക്കേജിന്റെ വിശദമായ 'പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകളുടെ നവീകരണം ആന്യൂറ്റി രീതിയിൽ നടപ്പാക്കുന്നതിന് കൺസഷനയർ കമ്പനികളിൽ നിന്നും ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. അപ്ഗ്രഡേഷൻ പാക്കേജിൽ വരുന്ന റോഡുകളുടെ നവീകരണത്തിനായി വിശദമായ പ്രോജക്ട് തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ